# സംയോജിത ശിശുസംരക്ഷണ പദ്ധതി, കേരളം
## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ
**(ഹാജർ: അനുപമ T.V IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

വിഷയം:- വനിതാ ശിശു വികസന വകുപ്പ്-ICPS-SCPS-മാസ്റ്റർ ഷഫീക്ക് കമ്മിറ്റി റിപ്പോർട്ട് പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച തുക Recoup ചെയ്തുകൊണ്ട് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1.പത്തനംതിട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 18/11/2020 ലെ ഡി.സി.പി.യു/പി.ടി.എ/312/15. നമ്പർ കത്ത്.
2.ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ. ICPS 4/9129/15 തിയതി: 26-06-2015.

## ഉത്തരവ് നമ്പർ ICPS 4(A)/9129/15 തിയതി: 03.12.2020

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ രൂപികരിച്ച മാസ്റ്റർ ഷഫീക്ക് കമ്മിറ്റി സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും പീഡനത്തിന് ഇരയാകുന്ന കുഞ്ഞുങ്ങൾക്ക് അടിയന്തിര വൈദ്യസഹായം നൽകുന്നതിനായി മേൽപരാമർശം (2) പ്രകാരം എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ പേരിലും 20000/-രൂപ കരുതൽ തുകയായി അനുവദിക്കുകയുണ്ടായി

ഇതുപ്രകാരം പത്തനംതിട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ പേരിൽ അനുവദിച്ച തുക അടൂര് വിവേകാനന്ദ ബാലാശ്രമത്തിലെ അന്തേവാസികൾ 28.02.2020 ന് സ്ഥാപനത്തിലെ കുട്ടികളെ ഉപദ്രവിച്ചതുമായി ബന്ധപ്പെട്ട് കുട്ടികളുടെ ചികിത്സ,ഭക്ഷണം ,വാഹന വാടക, പരിചരണത്തിനിരയായി നിയോഗിക്കപ്പെട്ട ആൾക്ക് വേതനം എന്നീ ഇനത്തിൽ ആകെ 13,113/- രൂപ അനുവദിച്ചു നൽകുകയുണ്ടായി. ആയത് Recoup ചെയ്തു നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് മേൽസൂചന 1 പ്രകാരം DCPO അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ജില്ലാ ശിശു സംരക്ഷണ ഓഫീസർ സമർപ്പിച്ചിട്ടുള്ള ധനവിനിയോഗ സാക്ഷ്യപത്രം, ചെലവ് രസീത് എന്നിവ പരിശോധിച്ചു. തുക Recoup ചെയ്തു നൽകാവുന്നതാണ്.

ഈ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് കരുതൽ തുകയിൽ ചെലവായ 13,113/-രൂപ (പതിമൂവായിരത്തി ഒരുനൂറ്റി പതിമൂന്നു രൂപ മാത്രം) Recoup ചെയ്യുവാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

ടി തുക ICPS-ന്റെ ശീർഷകമായ 2235-02-102-61 (P) 34 OC-യിൽ നിന്നും കണ്ടിജൻസി കംമ്പോനെന്റ് എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി നൽകേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർ പ്രസ്തുത തുക മെയിൽ ട്രാൻസ്ഫർ ആയി DCPO യ്ക്ക് നൽകേണ്ടതുമാണ്. DCPO തുകയുടെ 60% ചെലവാകുന്ന മുറയ്ക്ക് UC, Expenditure statement എന്നിവ SCPS ഓഫീസിൽ സമർപ്പിച്ച് തുക recoup ചെയ്യേണ്ടതും വരവുചെലവു കണക്കുകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി SCPS ,

ജില്ലാ വനിത ശിശു വികസന ഓഫീസർ, പത്തനംതിട്ട

ജില്ലാ ശിശു സംരക്ഷണ ഓഫീസർ,പത്തനംതിട്ട

പകർപ്പ്

1. സൂപ്രണ്ട് എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)
2. ICPS-4
3. സ്റ്റോക്ക് ഫയൽ
4. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്